# നീരയെ യഥാർഥ രക്ഷകരെ ഏൽപിക്കുക

ദൗർഭാഗ്യം ഒരു സഹയാത്രികനെപ്പോലെ പിന്തുടരുന്ന പാവം നീര യുടെ ഇന്നത്തെ ദൈന്യമായ അവസ്ഥയാണ് ഇതെഴുതാൻ പ്രേരിപ്പിച്ചത്. സ്വന്തം കുറ്റംകൊണ്ടല്ലാതെ ഇത്രയേറെ തെറ്റിദ്ധരിക്കപ്പെട്ടതും ദുഷ്കീർത്തി സമ്പാദിച്ചതും കടുത്ത എതിർപ്പും അവഗണനയും നേരിടേണ്ടിവന്നതുമായ ഉത്പന്നം ഉണ്ടാകുമോ? നീര രുചിയുടെയും പോഷക സമൃദ്ധിയുടെയും കാര്യത്തിൽ സമാനതകളില്ലാത്ത ആരോഗ്യപാനീയമത്രേ.

പ്രകൃതിയുടെ വരദാനമായ നീരയെ അതിന്റെ തനിമയോടെ ആരും തിരിച്ചറിയരുതെന്നു നാടു ഭരിച്ചിരുന്നവർക്കു നിർബന്ധമുണ്ടായിരുന്നു. അബ്കാരി നിയമത്തിൽ കാലാനുസൃത മാറ്റം വരുത്തി നീരയെ അതിന്റെ തടവറയിൽനിന്നു മോചിപ്പിക്കണമെന്ന ആവശ്യം ഉത്പതിഷ്ണുക്കളായ ചിലർ മാത്രമേ ഉന്നയിച്ചിരുന്നുള്ളൂ. അവർക്കു പ്രായോജകരായി പ്രബലന്മാർ ഇല്ലാതിരുന്നതിനാൽ ആ ശബ്ദം ശ്രദ്ധിക്കപ്പെടാതെപോയി. നീരയ്ക്കെതിരേ അതിശക്തമായ മദ്യലോബിയും രംഗത്തുവന്നു.

നീര ഉത്പാദിപ്പിക്കാൻ അനുമതി ലഭിച്ചാൽ കർഷകർ തങ്ങളുടെ തെങ്ങുകൾ കള്ളുചെത്താൻ പാട്ടത്തിനു കൊടുക്കില്ലെന്ന് ഉറപ്പാണ്. അങ്ങനെവരുമ്പോൾ തെങ്ങിൽനിന്നു ചെത്തിയെടുക്കുന്ന കള്ളാണെന്നു പറഞ്ഞ്, പേരിനുമാത്രം ചെത്തി കള്ളിന്റെ സ്ഥാനത്തു രാസവസ്തുക്കൾ ചേർത്ത വിഷദ്രാവകം വിറ്റു കോടികൾ സമ്പാദിക്കാൻ കഴിയില്ല എന്ന വസ്തുത അവരുടെ ഉറക്കം കെടുത്തി. ഇതിനെല്ലാം ഉപരിയായി ട്രേഡ് യൂണിയൻ വ്യവസായം നടത്തി ധനികരായ പ്രമുഖ തൊഴിലാളി യൂണിയൻ നേതൃത്വവും നീരക്കെതിരേ രംഗത്തുവന്നു.

അങ്ങനെ നീരയ്ക്കെതിരായി പടയൊരുക്കം നടത്തിയവർ അരങ്ങു കീഴടക്കിയപ്പോഴാണു കേന്ദ്ര നാളികേര വികസന ബോർഡിന്റെ അധ്യക്ഷനായി ടി.കെ. ജോസ് ഐഎഎസ് ചുമതലയേൽക്കുന്നത്. നാലു രൂപയിൽ താഴെ വിലയുമായി ആർക്കും വേണ്ടാത്ത പാഴ്‌വസ്തുവായി തേങ്ങ അവഗണിക്കപ്പെട്ടിരുന്ന ദശാസന്ധിയിലാണ് ടി.കെ. ജോസിന്റെ വരവ്. കേരകൃഷിയെ രക്ഷിക്കാൻ കർഷകർതന്നെ സംഘടിതമായി മുന്നോട്ടുവരണമെന്ന കാഴ്ചപ്പാടോടെ കൂട്ടായ്മയുടെ സന്ദേശവുമായി കർഷകരുടെ ഇടയിലേക്കിറങ്ങിയ ജോസും അദ്ദേഹത്തിന്റെ ടീമും ചുരുങ്ങിയ കാലംകൊണ്ട് അദ്ഭുതങ്ങളാണു സൃഷ്ടിച്ചത്.

40 മുതൽ 100 വരെ കേരകർഷകർ ചേർന്ന നാളികേര ഉത്പാദകസംഘങ്ങൾ, 20 മുതൽ 25 വരെ ഉത്പാദകസംഘങ്ങൾ ചേർന്ന ഉത്പാദക ഫെഡറേഷനുകൾ, 10 ഫെഡറേഷനുകൾ ചേർന്നുള്ള ഉത്പാദക കമ്പനികൾ- ഇതാണു ബോർഡ് വിഭാവന ചെയ്ത കർഷക കൂട്ടായ്മയുടെ ത്രിതല സംവിധാനം. ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രം തട്ടിക്കൂട്ടുന്ന കടലാസ് സംഘടനകൾ ആകരുത് ഇവയെന്നു ജോസിനു നിഷ്കർഷയുണ്ടായിരുന്നു. ജീവസുറ്റതും സ്വന്തം കാലിൽ നിൽക്കാനുള്ള കരുത്ത് കർഷകനു ലഭ്യമാക്കുന്നതിനായി സക്രിയമായി പ്രവർത്തിക്കുന്നതുമായ ഒരു കർഷക ശാക്തീകരണത്തിനാണു ജോസ് ഊന്നൽ നൽകിയത്. ഉത്പാദകസംഘം ഭാരവാഹികൾക്കു രാജഗിരി കോളജ്, എസ്‌സിഎംഎസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നൽകിയ വിദഗ്ധ പരിശീലനം ഒരു പുതിയ അനുഭവമായിരുന്നു.

സംസ്ഥാനത്ത് ഇതിനോടകം പതിനായിരത്തിൽപരം നാളികേര ഉത്പാദകസംഘങ്ങളും അഞ്ഞൂറ് ഉത്പാദക ഫെഡറേഷനുകളും പന്ത്രണ്ട് ഉത്പാദക കമ്പനികളും പിറവികൊള്ളുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഇങ്ങനെ കേന്ദ്ര നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന ശ്ലാഘനീയമായ പ്രവർത്തനങ്ങളുടെ ഗുണഫലം കേരളത്തിലെ ലക്ഷക്കണക്കിനു കർഷകർ അനുഭവിക്കുമ്പോൾ അതിനെ തകർക്കാനും വെടക്കാക്കി തനിക്കാക്കി വ്യക്തിപരമായി നേട്ടമുണ്ടാക്കാനും ചില ശക്തികൾ രംഗത്തുവന്നിട്ടുണ്ട്. നീര തങ്ങളുടെ സൃഷ്ടിയാണെന്ന അവകാശവാദവുമായി ഒരു ഉളുപ്പുമില്ലാതെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഇവരെ കാണുമ്പോൾ ബേപ്പൂർ സുൽത്താന്റെ വിഖ്യാത കഥാപാത്രത്തെയാണ് ഓർത്തുപോകുന്നത്. കർഷകരുടെ ഉത്തമതാത്പര്യം മുൻനിർത്തി അവരുടെ മാത്രം പ്രാതിനിധ്യമുള്ള ത്രിതല സംവിധാനത്തെ തകർത്തു നീര ഉത്പാദനത്തിലൂടെ വ്യക്തിപരമായ ലാഭം കൊയ്തെടുക്കുക എന്ന നിഗൂഢമായ ലക്ഷ്യമാണ് ഇവർക്കുള്ളത്.

അഴിമതിയുടെയും ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെയും മൂർത്തിമദ്‌രൂപമായിരുന്ന ഒരു വെള്ളാന നമുക്കുണ്ടായിരുന്നു. അതാണു നാളികേര വികസന കോർപറേഷൻ. ഈ വെള്ളാനയെ ഉയിർത്തെഴുന്നേൽപിച്ച് നീരയുടെ ചുമതല ഏൽപിക്കാൻ പോകുന്നുവത്രേ. അതിനുവേണ്ടി എല്ലാ പഞ്ചായത്തുകളിലും നീര സൊസൈറ്റികൾ രൂപീകരിക്കുമെന്നുള്ള മുന്നറിയിപ്പും വന്നുകഴിഞ്ഞു.

കേരകൃഷിക്കാർക്കു മാത്രം പങ്കാളിത്തമുള്ള ഉത്പാദക ഫെഡറേഷനുകളെയും കമ്പനികളെയും നീര ഉത്പാദനത്തിനുള്ള ചുമതല ഏൽപിക്കാനും കൃഷിവകുപ്പിൽനിന്ന് ലാപ്സായി പോകാനിടയുള്ള 15 കോടി രൂപ നീരയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉത്പാദക കമ്പനികൾക്കു നൽകാനും മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളതാണ്. പാവം നീരയെ അതിന്റെ യഥാർഥ രക്ഷിതാക്കൾക്കുതന്നെ വിട്ടുകൊടുക്കാനുള്ള സൽബുദ്ധി ബന്ധപ്പെട്ടവർക്ക് ഉണ്ടാകട്ടെ.

അഡ്വ. തോമസ് എം. മാത്തുണ്ണി
പിഎസ്‌സി മുൻ അംഗം,
ഭരണിക്കാവ് പഞ്ചായത്ത് കോക്കനട്ട്
ഫെഡറേഷൻ വൈസ്പ്രസിഡന്റ്